Draft #41 of File 22249/AD A1/2/2022 (Part 1) Approved by ASSISTANT REGISTRAR I (ADMIN) on 18-Mar-2023 05:02 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ഭരണകാര്യം:- പരീക്ഷാ വിഭാഗം CE സെക്ഷൻ 2 - അധിക ചുമതല നൽകൽ, പുനർനാമകരണം, ഫയൽ നീക്കം -ക്രമീകരണങ്ങൾ - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 3140/AD A1/2023/എം.ജി.യു | പ്രിയദർശിനി ഹിൽസ്,തീയതി: 18.03.2023

---

*പരാമർശം:*-1.സർവ്വകലാശാല ഉത്തരവ് നമ്പർ :5572/AD A1/2020/എം.ജി.യു., തീയതി: 23.11.2020
2.15.03.2023 തീയതിയിലെ സി.ഇ./501/72/2023 പ്രകാരമുള്ള കുറിപ്പ്, ബഹു.വൈസ് ചാൻസലറുടെ ഉത്തരവ് സഹിതം.
3. 17.03.2023 തീയതിയിലെ സി.ഇ./501/79/2023 പ്രകാരമുള്ള കുറിപ്പ്, ബഹു.വൈസ് ചാൻസലറുടെ ഉത്തരവ് സഹിതം.

**<u>ഉത്തരവ്</u>**

പരീക്ഷകളുടെ മൂല്യ നിർണ്ണയാനന്തര പ്രവർത്തനങ്ങളുടെ മോണിറ്ററിംഗിനായി പരീക്ഷാ കൺട്രോളറെ സഹായിക്കുവാൻ പരാമർശം (1) പ്രകാരം CE സെക്ഷൻ 2 രൂപീകരിക്കുകയുണ്ടായി.

പ്രസ്തുത പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, താഴെ ചേർത്തിരിക്കുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് പരാമർശം (2), (3) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. പരീക്ഷാ വിജ്ഞാപനം മുതൽ ഫലപ്രഖ്യാപനം വരെയുള്ള വിവിധ ഘട്ടങ്ങളുടെ മോണിറ്ററിംഗ് ചുമതല കൂടി CE സെക്ഷൻ 2-വിന് അധികമായി നൽകിയിരിക്കുന്നു.
2. CE സെക്ഷൻ 2-വിനെ 'CE 2 Section Exam Monitoring' എന്ന് പുനർനാമകരണം ചെയ്തിരിക്കുന്നു. പരീക്ഷാ വിജ്ഞാപനം മുതൽ ഫലപ്രഖ്യാപനം വരെയുള്ള പരീക്ഷ മോണിറ്ററിംഗ് ജോലികൾ ഇനി മുതൽ 'CE 2 Section Exam Monitoring' സെക്ഷനിൽ നിക്ഷിപ്തമായിരിക്കും.
3. നിലവിൽ അസിസ്റ്റന്റ് രജിസ്ട്രാർ 5 (പരീക്ഷ), അസിസ്റ്റന്റ് രജിസ്ട്രാർ 18 (പരീക്ഷ) എന്നിവർ പരീക്ഷാ കൺട്രോളർക്ക് സമർപ്പിക്കുന്ന ഫയലുകൾ ജോയിന്റ് രജിസ്ട്രാർ 4 വഴി 'Office of the CE 4' എന്ന ID-യിലൂടെ പരീക്ഷാ കൺട്രോളർക്ക് സമർപ്പിക്കുകയാണ് ചെയ്യുന്നത്. ഇതിന് പകരം ജോയിന്റ് രജിസ്ട്രാർ 4, CE 2 - Exam Monitoring എന്ന DDFS ID-യിലേക്ക് നൽകേണ്ടതാണ്.
4. EN 8 സെക്ഷൻ നിലവിൽ ഫയലുകൾ പരീക്ഷാ കൺട്രോളർക്ക് നേരിട്ട് സമർപ്പിക്കുന്ന രീതിയാണുള്ളത്. ഇത് CE 2 - Exam Monitoring എന്ന DDFS ID-യിലേക്ക് നൽകേണ്ടതാണ്.
5. അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ) മുഖാന്തിരം പരീക്ഷാ കൺട്രോളർക്ക് സമർപ്പിക്കേണ്ട ഫയലുകൾ നിലവിൽ 'Office of the CE 1' ID-യിലൂടെയാണ് സമർപ്പിക്കുന്നത്. ആയത് CE 2 - Exam

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Monitoring എന്ന DDFS ID-യിലേക്ക് നൽകേണ്ടതാണ്. കൂടാതെ, അസിസ്റ്റൻറ് രജിസ്ട്രാർ 11 (പരീക്ഷ) ബന്ധപ്പെട്ട ജോയിൻറ് രജിസ്ട്രാർ മുഖാന്തിരം പരീക്ഷാ കൺട്രോളർക്ക് സമർപ്പിക്കുന്ന ഫയലുകളും CE 2 - Exam Monitoring എന്ന DDFS ID-യിലേക്ക് നൽകേണ്ടതാണ്.

6. ഡെപ്യൂട്ടി രജിസ്ട്രാർ 5 (പരീക്ഷ) പരീക്ഷാ കൺട്രോളർക്ക് സമർപ്പിക്കുന്ന ഫയലുകൾ ഇനി മുതൽ CE 2 - Exam Monitoring വഴി നൽകേണ്ടതാണ്.

7. റിസൾട്ട് പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട ഫയലുകൾ ജോയിൻറ് രജിസ്ട്രാർമാർ CE 2 - Exam Monitoring വഴി പരീക്ഷാ കൺട്രോളർക്ക് സമർപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ സെക്ഷനുകൾ/ഡിപ്പാർട്മെന്റുകൾ/സെന്ററുകൾ
2. വൈസ് ചാൻസലർ/പ്രൊ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ ധനകാര്യം/പരീക്ഷാ/അക്കാദമികം )
5.ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം.ജി.സർവ്വകലാശാല
6. പി. ആർ. ഒ./ഐ.ടി.സെൽ-1/2/ യൂണിവേഴ്സിറ്റി വെബ് സൈറ്റ് 7.റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #41 of File 22249/AD A1/2/2022 (Part 1) Approved by ASSISTANT REGISTRAR I (ADMIN) on 18-Mar-2023 05:02 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം